

# പെൺകുഞ്ഞിന്റെ വസ്ത്രധാരണം

## ഈ പരിശീലനപാഠത്തിൽ കൊച്ചുപെൺകുട്ടികൾക്കുള്ള ഒരു വസ്ത്രം തയ്ക്കാൻ നിങ്ങൾ പഠിക്കും.




ഒരു കൊച്ചു പെൺകുട്ടിക്ക് ചുറ്റും ചലിക്കുന്ന ലോകത്തിന് ഉടമയാകാൻ കഴിഞ്ഞ ഭാഗ്യശാലികളുടെ കൂട്ടത്തിലാണ് നിങ്ങൾ എങ്കിൽ... ഞങ്ങൾക്ക് ഉറപ്പുണ്ട്... അവൾ നിങ്ങൾക്കു തരുന്ന എല്ലാ സന്തോഷങ്ങൾക്കും പകരമായി... നിങ്ങളുടെ ആ വിലപ്പെട്ട സമ്പത്ത് ലോകത്തിനെ കാണിക്കുവാൻ നിങ്ങൾ ആഗ്രഹിക്കും... അവളെ അക്ഷരാർത്ഥത്തിൽ സ്നേഹം കൊണ്ട് അണിയിച്ച് ഒരുക്കാൻ ആഗ്രഹിക്കുന്നവർക്ക് വേണ്ടിയുള്ളതാണ് ഈ പരിശീലന പാഠം മുഴുവൻ... ഈ പരിശീലന പാഠത്തിൽ... നിങ്ങളുടെ മകൾക്കായി ഒരു ഡ്രസ്സ് തയ്യാൻ നിങ്ങൾ പഠിക്കും... നമുക്ക് വളരെ എളുപ്പവും മനോഹരവുമായ ഈ ട്രെൻഡി ഡ്രസ്സ് തയ്യാൻ തുടങ്ങാം.

നിങ്ങൾക്ക് ഡ്രസ്സിന്റെ ടെമ്പ്ലേറ്റ് വേണ്ടി വരും... നിങ്ങൾക്ക് അത് ഞങ്ങളുടെ വെബ്സൈറ്റ് ഉഷാ സ്പ്ര ഡോട്ട് കോമിൽ നിന്ന് ഡൗൺലോഡ് ചെയ്യാം. ആവശ്യമുള്ള സാധനങ്ങൾ... മുപ്പത് ഇഞ്ച് നീളമുള്ളഒരു പീസ് തുണി... പൊതുവേ അതിന്റെ വീതി നാല്പത്തി അഞ്ച് മുതൽ അമ്പതു ഇഞ്ച് വരെയാണ്... സേഫ്റ്റി പിന്നുകൾ... അലങ്കരിക്കാനായി ബ്രൂച്ച്... നാല്പത്തി രണ്ട് ഇഞ്ച് നീളവും ഒരിഞ്ച് വീതിയുമുള്ള രണ്ട് റിബണുകൾ... നൂൽ... മെഷറിംഗ് ടേപ്പ്... മാർക്കർ... പിന്നെ കത്രികയും.

ഇതു പോലെ തുണി നാലായി മടക്കുക.

മടക്കിയ തുണിയുടെ മുകളിൽ ടെമ്പ്ലേറ്റ് വയ്ക്കുക... ഈ പോയിന്റ് മുതൽ ഈ പോയിന്റ് വരെ ഉടുപ്പിന്റെ നീളം അടയാളപ്പെടുത്തുക... താഴെ അടയാളപ്പെടുത്തിയ പോയിന്റ് മുതൽ ടെമ്പ്ലേറ്റിന്റെ അറ്റം വരെയുള്ളതാണ് ലോവർ ഹെം അലവൻസ്.



അതു പോലെ... മുകളിൽ അടയാളപ്പെടുത്തിയ പോയിന്റ് മുതൽ അറ്റം വരെയുള്ളതാണ് അപ്പർ കേസിംഗ് അലവൻസ്. ഇതാണ് ആംഹോൾ ലൈൻ... ഇത് സൈഡ് സീം. രണ്ടാമത്തെ ലൈനാണ് ചെസ്റ്റ് ലെവെൽ... ഇതിൽ ഈസ്സെന്നസ്സും സീം അലവൻസും ഉൾപ്പെടുന്നു. ബീഡഡ് പിന്നുകൾ ഉപയോഗിച്ച് ടെമ്പ്ലേറ്റ് തുണിയുമായി പിൻ ചെയ്യുക... മാർക്കർ ഉപയോഗിച്ച് പരിശീലന പാഠത്തിൽ കാണിക്കുന്നതു പോലെ അതിന്റെ ഔട്ട്ലൈൻ തുണിയിൽ അടയാളപ്പെടുത്തുക. അടയാളപ്പെടുത്തിയ ലൈനിലൂടെ മുറിക്കുക. പിന്നുകൾ നീക്കം ചെയ്യുക. തുണിയുടെ മടക്ക് നിവർത്തി രണ്ടായി വേർതിരിക്കുക. ഇനി നിങ്ങൾ ഇവിടെ കാണുന്നതു പോലെ... ചരിവുള്ള ആംഹോൾ സീം അലവൻസ് മടക്കുക... അത് കാൽ ഇഞ്ചിന്റെ രണ്ടു മടക്കായിരിക്കണം... മടക്ക് പിൻ ചെയ്ത് വയ്ക്കുക. മറുവശത്തും മടക്കുകൾ ആവർത്തിക്കുക.







ഇതു പോലെ... മറ്റേ പീസിലും രണ്ട് അറ്റവും മടക്കുക. ഇനി ഈ മടക്കുകൾ തയ്ക്കാൻ നേരമായി. പാറ്റേൺ സിലെക്ടർ ഡയലിൽ 'എ' സ്റ്റിച്ച് തിരഞ്ഞെടുക്കുക... സ്റ്റിച്ച് ലെങ്ത് ടൂ പോയ്ന്റ് ഫൈവാക്കുക. മടക്കിയ അരികുകൾ തയ്ക്കുക... നിങ്ങൾ തയ്ക്കുമ്പോൾ പിന്നുകൾ നീക്കം ചെയ്യാൻ മറക്കരുത്. ഇവയാണ് ഡ്രസ്സിന്റെ ആംഹോളുകൾ... രണ്ട് തുണിയുടേയും മടക്കിയ നാല് അറ്റങ്ങളും തയ്ക്കുക. അടുത്തതായി ടോപ്പ് കേസിംഗ് അലവൻസ് അര ഇഞ്ച് മടക്കുക... എന്നിട്ട് ഒന്നര ഇഞ്ച് വീണ്ടും മടക്കുക... പിൻ ചെയ്ത് ഉറപ്പിക്കുക. മറ്റേ പീസ് തുണിയിലും ഇത് ആവർത്തിക്കുക.







അടുത്തതായി... രണ്ട് പീസുകളിലും പിൻ ചെയ്ത അറ്റങ്ങളിലൂടെ കേസിംഗ് തയ്ക്കുക. നമ്മൾ സ്ട്രെയിറ്റ് സ്റ്റിച്ച് ഉപയോഗിച്ചാണ് തുടങ്ങുക... പാറ്റേൺ സിലെക്ടറിൽ 'എ'-യും സ്റ്റിച്ച് ലെങ്ത് ടൂ ആന്റ് ഹാഫുമാണ്. ഓർക്കുക... നിങ്ങൾ തയ്ക്കുമ്പോൾ പിന്നുകൾ നീക്കം ചെയ്യണം. അടുത്തതായി... രണ്ടു പീസുകളുടേയും സൈഡ് സീമുകൾ ചേർത്ത് തയ്ക്കും.





രണ്ട് തുണിയുടേയും നല്ല വശം ഒരുമിച്ച് വരുന്ന തരത്തിൽ അരികുകൾ ചേർത്തു വച്ചിരിക്കുകയാണെന്ന് ഉറപ്പ് വരുത്തുക. മെഷീൻ സെറ്റിംഗ് അതു പോലെ തന്നെ തുടരും... റിവേഴ്സ് സ്റ്റിച്ച് ചെയ്തു തുടങ്ങുക... രണ്ട് പീസുകളും ചേർത്ത് തയ്ക്കുക... ഓർക്കുക... അവസാനിപ്പിക്കുന്നതും റിവേഴ്സ് സ്റ്റിച്ച് ചെയ്താണ്. മറുവശവും തയ്ക്കുക. ഹെം അലവൻസ് അരയിഞ്ച് മടക്കുക... എന്നിട്ട് ഒന്നര ഇഞ്ച് കൂടി വീണ്ടും മടക്കുക... ഇത് പിൻ ചെയ്യുക.




ഇനി ഡ്രസ്സിന്റെ ഹെം ലൈൻ തയ്ക്കുക... അതിനൊപ്പം പിന്നുകൾ നീക്കം ചെയ്യുക. അരികുകൾക്ക് സിഗ്-സാഗ് സ്റ്റിച്ച് നൽകി അതിനു നമ്മൾ ഭംഗി വരുത്തും. പാറ്റേൺ സിലെക്ടർ സി യിലേയ്ക്ക് തിരിക്കുക... സ്റ്റിച്ച് ലങ്ത് വൺ പോയിന്റ് ഫൈവാക്കുക. ഡ്രസ്സിന്റെ രണ്ട് സൈഡ് സീമുകളിലും സിഗ്-സാഗ് സ്റ്റിച്ച് കൊടുക്കുക. തയ്യലിന്റെ ഭാഗം ഇപ്പോൾ കഴിഞ്ഞു... ഇനി നമുക്ക് ഇത് പൂർത്തിയാക്കാം... ഇവിടെ മുകളിലായി മടക്കി തയ്ച്ച് തയ്യാറാക്കിയ ടണൽ കേസിംഗിലൂടെ റിബൺ കടത്തുക. പരിശീലന പാഠത്തിൽ കാണിക്കുന്നതു പോലെ സേഫ്റ്റി പിൻ ഉപയോഗിച്ച് റിബൺ കേസിംഗിലൂടെ കടത്തുക.



രണ്ടാമത്തെ റിബൺ ഉപയോഗിച്ച് മറുവശത്തും ആവർത്തിക്കുക. ഡ്രസ്സിന്റെ നല്ല വശം പുറത്ത് വരുന്ന രീതിയിൽ തിരിച്ചിടുക. ഡ്രസ്സിൽ ഞൊറിവുകൾ കിട്ടാനായി റിബണുകൾ വലിക്കുക... റിബണിന്റെ അറ്റങ്ങൾ ചേർത്ത് രണ്ടു വശങ്ങളിലും കെട്ടിടുക... ഇതു പോലെ മനോഹരമായ “ബോകൾ” തയ്യാറാക്കുക... കഴുത്തിനും ആംഹോളിനുമായുള്ള നാടകളാണിവ. ബ്രൂച്ച് ഡ്രസ്സിൽ പിൻ ചെയ്യുക. നിങ്ങൾ സ്നേഹം കൊണ്ട് തീർത്ത കുഞ്ഞുടുപ്പ് തയ്യാറായിരിക്കുന്നു... നിങ്ങളിപ്പോൾ ചെയ്തത് ഇഷ്ടപ്പെട്ടോ... നിങ്ങളുടെ കൊച്ചു മാലാഖയെ പുത്തൻ ഉടുപ്പിട്ട് അണിയിച്ചൊരുക്കുവാൻ നേരമായി... വിവിധയിനം പ്രിന്റഡ് തുണിത്തരങ്ങളിൽ നിന്നും വൈവിധ്യമാർന്ന ഡെക്കറേറ്റീവ് ബ്രൂച്ചുകളിൽ നിന്നും തിരഞ്ഞെടുത്ത് നിങ്ങളുടെ കുട്ടി ഇഷ്ടപ്പെടുന്ന വസ്ത്രങ്ങൾ സൃഷ്ടിച്ചോളൂ... ഒരു പടി കൂടി മുന്നോട്ടു പോകുക... ഞങ്ങൾ നിങ്ങളെ ഇതു വരെ പഠിപ്പിച്ചതെല്ലാം ഉപയോഗിച്ച് പരീക്ഷിച്ച് നോക്കൂ... അങ്ങനെ നിങ്ങളുടെ കൊച്ചു രാജകുമാരിയെ മറ്റുള്ളവരിൽ നിന്നും വേറിട്ടു നിർത്തുന്ന വിവിധയിനം വസ്ത്രങ്ങൾ സൃഷ്ടിക്കൂ...

